# ജനൽ കാഴ്ചകൾ

**ബോബൻ കൊള്ളന്നൂർ**

എന്റെ വാസം
കാലിഡോസ്കോപ്പ് ചിത്രങ്ങൾ പോലെ
കാറ്റിനൊപ്പം മാറികൊണ്ടിരിക്കുന്ന
മായാ നഗരത്തിൽ

ഇവിടത്തെ കാഴ്ചകളെല്ലാം
ജനലിന്റെ ചതുരക്കള്ളികളിൽ
ഒതുങ്ങിക്കിടക്കുന്നു
നീലാകാശം നോക്കി
വെറുതെ കിടക്കുമ്പോൾ
ചിതറിയ വെളിച്ചത്തിന്റെ
വിളറിയ വിരലുകൾ
എന്നെ റാഞ്ചിപ്പിടിക്കുന്നു

രാവുകളുടെ ഭാവനയും
പകലുകളുടെ ഓർമ്മയും
നഗരചൂളകളിൽ
കരിഞ്ഞുപോകുന്നു
പൊള്ളുന്ന ചൂടിൽ
സ്വരക്ഷക്കായി
പറവകൾ ചിറകടിച്ച്
ചുറ്റും പറക്കുന്നു

ചേരികളുടെ ആധിയിൽ
നഗരം അലിഞ്ഞുപോകുന്നു
രാഷ്ട്രീയ നാവുകൾ
അതെല്ലാം
നക്കിതോർത്തുന്നു

എന്റെ കാഴ്ചക്കുമപ്പുറം
ഫ്ളാറ്റുകളുടെ നിര
അനന്തതയിലേക്ക് വളരുന്നു
ഈ കലുഷതയിൽ നിന്ന്
ഏതു ദിശയിലേക്കാണ്
എന്റെ ദേശം വളരുക

നോക്കിനോക്കിയിരിക്കെ
ജനവാതിലുകളെല്ലാം
താനേ അടയുന്നു
പുറത്ത്
പേടിച്ച പറവകുളുടെ
ചിറകടിമാത്രം

Boban Kollannur
Oasis Housing Complex
Peringavu, Thrissur
Pin - 680 008
Mob.: 94471 42847
boban.kollannur@gmail.com